**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. അരുൺ പി. പി. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ ഒടുക്കുവാനുള്ള വാടക കുടിശിക തവണകളായി ഈടാക്കുവാൻ അനുമതി നൽകി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 391/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 12/02/2021

പരാമർശം:- ശ്രീ. അരുൺ പി. പി., (S/o അയ്യപ്പൻ, പാലക്കണ്ടി വീട്, പരപ്പനങ്ങാടി പി. ഒ, മലപ്പുറം - 676303) 27/01/2021 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ (കെട്ടിട നമ്പർ 33/485) വാടകയ്ക്ക് പ്രവർത്തിക്കുന്ന പാലക്കണ്ടി എന്റർപ്രൈസസ് എന്ന സ്ഥാപനം നടത്തുന്ന ശ്രീ.അരുൺ പി.പി., (S/o അയ്യപ്പൻ, പാലക്കണ്ടി വീട്, പരപ്പനങ്ങാടി പി. ഒ, മലപ്പുറം - 676303), പ്രകൃതി ക്ഷോഭവും കോവിഡ് മഹാമാരിയും നിമിത്തം പ്രസ്തുത സ്ഥാപനം അടച്ചിടേണ്ടിവന്നതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും അതിനാൽ പട്ടികജാതിക്കാരനായ തനിക്ക് പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ ഒടുക്കുവാനുള്ള വാടക കുടിശിക ഇനത്തിലുള്ള 2,72,041/- (രണ്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാൽപ്പത്തി ഒന്ന് രൂപ മാത്രം) 10 തുല്യ ഗഡുക്കളായി അടയ്ക്കുവാൻ അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശത്തിലെ നിവേദനം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനം നേരിട്ട പ്രകൃതി ക്ഷോഭത്തിന്റെയും കോവിഡ് മഹാമാരിയുടെയും പശ്ചാത്തലത്തിൽ, പരാമർശത്തിലെ നിവേദനം അനുഭാവപൂർവ്വം പരിഗണിച്ച്, ശ്രീ. അരുൺ പി. പി.-യിൽ നിന്നും ടിയാൻ വാടകയ്ക്ക് എടുത്തിട്ടുള്ളതും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിട നമ്പർ 33/485-ന്റെ വാടക ഇനത്തിൽ കുടിശ്ശികയായിട്ടുള്ള തുക, പ്രസ്തുത തുകയുടെ ആധികാരികത ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം, അതിന്റെ നാലിൽ ഒരു ഭാഗം ആദ്യ ഗഡുവായും ബാക്കി തുക അഞ്ച് തവണകളായും ടിയാനിൽ നിന്നും ഈടാക്കുന്നതിന് പരപ്പനങ്ങാടി മുനിസിപ്പാലിറ്റി സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.അരുൺ.പി.പി., S/o അയ്യപ്പൻ, പാലക്കണ്ടി വീട്, പരപ്പനങ്ങാടി പി. ഒ, മലപ്പുറം - 676303.
സെക്രട്ടറി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റി, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC2/42/2021-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ